3. പുതുവൈപ്പിനിൽ കൊച്ചിൻ പോർട്ട് ട്രസ്റ്റിന്റെ സ്ഥലം 1200 MW വാതകാധിഷ്ഠിത പദ്ധതിക്ക് അനുവദിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി സ്ഥലം അളന്ന് തിട്ടപ്പെടുത്തി കൈമാറ്റം ചെയ്യുന്നതിന് എറണാകുളം കളക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

4. കൊച്ചിൻ മംഗലാപുരം പ്രകൃതി വാതക പൈപ്പ് ലൈനിന്റെ പണികൾ യാഥാർത്ഥ്യമാകുന്ന മുറയ്ക്ക് ചീമേനിയിൽ 1200 MW പദ്ധതിയുടെ പാരിസ്ഥിതിക അനുമതി നേടി പദ്ധതി മുന്നോട്ട് കൊണ്ടുപോകാൻ സാധിക്കുന്നതാണ്.

എസ്കോ പദ്ധതി

15 (4006) ശ്രീ. പാലോട് രവി :

ശ്രീ. ജോസഫ് വാഴയ്ക്കൻ :

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി.-യുടെ ആഭിമുഖ്യത്തിൽ എസ്കോ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകാമോ;

(സി) ഊർജ്ജ സംരക്ഷണത്തിനായി ഉപഭോക്താക്കളെ ബോധവൽക്കരിക്കാനും പ്രോത്സാഹിപ്പിക്കാനും എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്;

(ഡി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ അറിയിക്കുമോ?

ഉത്തരം

(എ&ബി) കാര്യക്ഷമതയോടെ ഊർജ്ജ ഉപഭോഗം പ്രോൽസാഹിപ്പിക്കുന്നതിന് വിവിധ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടത്തുന്നതിനായി എനർജി സേവിംഗ്സ് കോർഡിനേഷൻ ടീം (എസ്കോട്ട്) എന്ന വിഭാഗം കെ.എസ്.ഇ.ബി. ലിമിറ്റഡിൽ രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ വൈദ്യുത വിതരണ ശൃംഖലയിലും, വാണിജ്യ, വ്യാവസായിക, ഗാർഹിക വിഭാഗങ്ങളിലും എനർജി ആഡിറ്റിംഗ് നടത്തി ഊർജ്ജ ക്ഷമത കാര്യക്ഷമമായി നടപ്പിലാക്കി വൈദ്യുത ഉപയോഗം പ്രോൽസാഹിപ്പിക്കുകയാണ് ലക്ഷ്യം. വൈദ്യുതി ലാഭിക്കുന്നതു വഴിയുള്ള ധന ലാഭത്തിൽനിന്നും മുടക്കുമുതൽ തിരിച്ചു പിടിക്കുന്നതിനുള്ള എസ്കോ മോഡൽ പ്രവർത്തനങ്ങളും ഏറ്റെടുത്ത് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഊർജ്ജ സംരക്ഷണ ബോധവൽക്കരണം സംസ്ഥാനത്ത് നടപ്പിലാക്കുന്നത് ലക്ഷ്യമിട്ട് വിവിധ ഉത്സവ നഗരികളിൽ പ്രദർശനങ്ങൾ, സ്കൂൾ കോളേജ് വിദ്യാർത്ഥികൾ, റസിഡൻസ് അസ്സോസിയേഷനുകൾ എന്നിവയുമായി ബന്ധപ്പെട്ട് ബോധവൽക്കരണം നടത്തുന്നുണ്ട്. കൂടാതെ വിവിധ വിഭാഗം വ്യവസായിക കാർഷിക ഉപഭോക്താക്കളുടെ ഇടയിലും ഊർജ്ജ സംരക്ഷണ പ്രചാരണ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. ദൂരദർശനിലെ പ്രതിവാര പരിപാടി "സ്പന്ദന" ത്തിലൂടെയും ഇത്തരത്തിലുള്ള ആശയങ്ങൾ പൊതുജനങ്ങളുമായി പങ്കുവയ്ക്കുന്നുമുണ്ട്.

(ഡി) ഇത്തരം പ്രവർത്തനങ്ങളെല്ലാം വിവിധ സംഘടനകളുടെ സഹകരണത്തോടെ കെ.എസ്.ഇ.ബി. ലിമിറ്റഡ് മുൻകൈയെടുത്താണ് നടത്തുന്നത്. 2014-15-ലെ വാർഷിക പദ്ധതിയിൽപ്പെടുത്തി പരിവർത്തന നിധി (innovation fund)-ക്കും എസ്കോ പ്രവർത്തനങ്ങൾക്കുമായി ബഡ്ജറ്റിൽ 7 കോടി രൂപ വകയിരുത്തുകയും ഇതിൽ നിന്ന് 3.5 കോടി രൂപ കെ.എസ്.ഇ.ബി. ലിമിറ്റഡിന് നൽകാൻ 24-11-2014-ൽ ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. മേൽപ്പറഞ്ഞ 7 കോടി രൂപയിൽ 3.425 കോടി രൂപ എസ്കോ പ്രവർത്തനങ്ങൾക്കു വേണ്ടിയുള്ളതാണ്.

സൗരഗൃഹ പദ്ധതി

16 (4007) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സൗരഗൃഹ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; പ്രസ്തുത പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി സ്ഥാപിക്കുന്നതിന് പൊതുജനങ്ങൾ എന്തൊക്കെയാണ് ചെയ്യേണ്ടതെന്ന് വിശദീകരിക്കുമോ ;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നവർക്ക് എന്തെങ്കിലും ധനസഹായം നല്കുന്നുണ്ടോ; വിശദമാക്കാമോ ;

(ഡി) സൗരഗൃഹ പ്ലാന്റുകളിൽ നിന്നും ഉല്പാദിപ്പിക്കുന്ന അധിക വൈദ്യുതി കെ.എസ്.ഇ.ബി. വിലയ്ക്കുവാങ്ങുമോ; എങ്കിൽ ഇതിന്റെ വിലയും നടപടിക്രമങ്ങളും വിശദീകരിക്കുമോ?

ഉത്തരം

(എ) അനെർട്ടിന്റെ ആഭിമുഖ്യത്തിൽ പതിനായിരം വീടുകളിൽ ഒരു കിലോവാട്ട് വീതം ശേഷിയുള്ള സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനായുള്ള സൗരഗൃഹ പദ്ധതി പുരോഗമിച്ചു വരുന്നു. നാളിതുവരെയായി 6700-ഓളം വീടുകളിൽ പ്രസ്തുത പവർ പ്ലാന്റുകൾ സ്ഥാപിച്ചു കഴിഞ്ഞു. ശേഷിക്കുന്ന പ്ലാന്റുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly